# എപ്പോൾ കരുതും

## ഉല്പത്തി 30:30

"ഞാൻ വരുംമുമ്പെ നിനക്കു അല്പമേ ഉണ്ടായിരുന്നുള്ളു; ഇപ്പോൾ അതു അത്യന്തം വർദ്ധിച്ചിരിക്കുന്നു; ഞാൻ കാൽ വെച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഇനി എന്റെ സ്വന്തഭവനത്തിന്നു വേണ്ടി ഞാൻ എപ്പോൾ കരുതും എന്നും പറഞ്ഞു."

ഇനി ഞാൻ എന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും? വളരെ അർത്ഥവത്തായ ഒരു ചോദ്യമാണ് ഇത്. പ്രത്യേകിച്ചും നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ പ്രത്യേക പ്രസക്തിയുള്ള ഒരു ചോദ്യം. ഉല്പത്തി 28–ാം അദ്ധ്യായത്തിൽ സ്വദേശത്തുനിന്നും പ്രയാണം തുടങ്ങിയ യാക്കോബിനു ദൈവം കൊടുത്ത വാഗ്ദത്തമാണ് "നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്ക് നിന്നെ മടക്കി വരുത്തും. ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തതു നിവർത്തിക്കും"(ഉല്പത്തി 28:15).

നീണ്ട 14 വർഷക്കാലം ലാബാന്റെ പുത്രിമാർക്കായിട്ടും, 6 വർഷക്കാലം അവന്റെ ആട്ടിൻ കൂട്ടത്തിനായും, ലാബാനു സേവനം ചെയ്ത യാക്കോബിനു, ദൈവത്തിന്റെ വാഗ്ദത്തത്തിൽ ഉറപ്പ് ഉണ്ടായിരുന്നു. ഇത് തന്റെ പ്രവാസകാലമാണെന്നും തന്റെ ഭവനത്തിനുവേണ്ടി താൻ കരുതണ്ടേവനുമാണെന്നും ഉള്ള തിരിച്ചറിവിൽ നിന്നും ഉയർന്നു വന്ന ചോദ്യം. "ഞാൻ എന്റെ ഭവനത്തിനുവേണ്ടി എപ്പോൾ കരുതും?"

പ്രിയ വിശ്വാസിയേ നമ്മെ വിളിച്ചവനായ യേശു നമുക്കു തന്ന വിലയേറിയ വാഗ്ദത്തം എന്താണ്. "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും"(യോഹന്നാൻ 14:3). അതേ കർത്താവിന്റെ ഈ വാഗ്ദത്തം നമുക്കുള്ളതിനാൽ നമ്മുടെ ഹൃദയം കലങ്ങിപ്പോകാതെ ഉറപ്പും ധൈര്യവും ഉള്ളവരായി ദൈവസ്നേഹത്തിൽ നമ്മളെ സൂക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. എന്നാൽ പ്രിയ ദൈവജനമേ, ജീവനകാര്യങ്ങൾക്കുവേണ്ടി ഓട്ടം ഓടുന്ന പ്രിയരേ, ഒരു നിമിഷം ഒന്ന് നിന്ന് ചിന്തിക്കുക, ഞാൻ എന്റെ സ്വർഗ്ഗീയ ഭവനത്തിനുവേണ്ടി എപ്പോൾ കരുതും? ഈ ലോകജീവിതം നമ്മുടെ പ്രവാസകാലമാണ്. ഈ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ എന്നാണ് പത്രോസ് അപ്പോസ്തോലൻ ആഹ്വാനം ചെയ്യുന്നത്. ഓട്ടക്കളത്തിൽ ഓടുന്നവർ അനേകരാണ്. എന്നാൽ നാം ഓടേണ്ടത് വിരുതു പ്രാപിക്കാൻ

തക്കവണ്ണം ആകണം. എന്നു വച്ചാൽ നമ്മെ വിളിച്ചവൻ ഒരുക്കിയ വഴിയിലൂടെ ആകണം. അനുസരണക്കേടിനാൽ വീണുപോയ അനേകരുടെ ദൃഷ്ടാന്തം നമുക്ക് ഉള്ളപ്പോൾ, നമ്മെ വീഴാതവണ്ണം സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്റെ കരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കണം. നാം ദൈവ മക്കൾ എന്നു വിളിക്കപ്പെടുവാൻ കർത്താവ് നമുക്കു തന്നെ ആ വലിയ സ്നേഹത്തെ ഓർത്തുകൊണ്ട് നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയിങ്കൽ നമ്മൾ നമ്മുടെ കർത്താവിനോട് സദൃശ്യന്മാരായി തീരും എന്ന പ്രത്യാശയിൽ, നമ്മൾ ഓരോരുത്തരും ചെയ്യേണ്ട ഒരു കാര്യമുണ്ട്, നമ്മുടെ കർത്താവ് നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കണം എന്നാണ് യോഹന്നാൻ അപ്പോസ്തോലൻ പറയുന്നത്. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിക്കണം. കർത്താവ് തന്ന ഏറ്റവും വിലയേറിയ കല്പനയാണ് അന്യോന്യം സ്നേഹിക്കുക എന്നുള്ളത്. ദൈവം സ്നേഹമാണ്, സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല.

“ഇതാ ഞാൻ വേഗം വരുന്നു” എന്ന് അരുളിച്ചെയ്തവൻ വേഗം വരും. അതിനാൽ ഈ വാഗ്ദത്തത്തെ മുറുകെ പിടിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ വരവിനായി ഒരുക്കമുള്ളവരായി ഇരിക്കാൻ നമ്മുടെ കർത്താവിന്റെ കൃപയിൽ നമുക്ക് ആശ്രയിക്കാം. ആമേൻ.

പരാമർശം:

1 പത്രോസ് 1:13–17

ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ. പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ. “ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ” എന്നു എഴുതിയിരിക്കുന്നുവല്ലോ. മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 021**